**19U579S** (Pages: 2) Name: ……………………

Reg. No…………………..

**FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2021**

(CUCBCSS-UG)

**CC15U MAL5 B07 - മലയാളവ്യാകരണം**

(Malayalam - Core Course)

(2015 to 2018 Admissions - Supplementary/Improvement)

Time: Three Hours Maximum: 80 Marks

**I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

1. 'അഭിനവ മലയാളവ്യാകരണം' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?
2. വർത്തമാനകാല പ്രത്യയം ഏത്?
3. ശുദ്ധ ദേദകത്തിന് ഉദാഹരണം എഴുതുക?
4. സർവ്വനാമങ്ങൾക്ക് ഗുണ്ടർട്ട് നൽകിയ പേരെന്ത്?
5. കാരകമില്ലാത്ത വിഭക്തി?
6. നിപാത സ്വരങ്ങൾക്കു ശേഷം സ്വരം വന്നാൽ അസുന്ദരമായിട്ടുള്ളതെന്താണ്?
7. ഉദ്ദേശ്യവും വിധേയവും ഒരേ വിഭക്തിയിലായാൽ അവയ്ക്കു പറയുന്ന പേര്?
8. 'ഇ' കാരത്തിനു പരമായി 'ണ' കാര ആദേശം വരുന്ന ലീലാതിലക സൂത്രം?
9. സന്ധിയിൽ സ്വരസ്ഥാനങ്ങളുടെ ഉയർച്ചയ്ക്കു പറയുന്ന പേര്?
10. ഗതി ചേർന്നു വരുന്ന വിഭക്തി?

**(10 × ½ = 5 Marks)**

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11. സ്വരസന്ധി എന്നാൽ എന്ത്?
12. വിശിഷ്ട ക്രിയ എന്നാൽ എന്ത്?
13. എന്താണ് നിഗീർണ്ണകർതൃക ക്രിയ?
14. വിനാമം എന്നാലെന്ത്?
15. തു കാരമിരട്ടിക്കും
    ധാതു കാരിതമാവുകിൽ- വിശദമാക്കുക?

**(5 × 2 = 10 Marks)**

**III. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

16. കാരങ്ങൾ ഏതെല്ലാം? വിശദമാക്കുക?
17. ഇതേത്രെ രൂപനിഷ്പത്തി
    നയംദ്രാവിഡഭാഷയിൽ_വിശദമാക്കുക?

18. എന്താണ് സവർണ്ണനം? എത്ര വിധം? വിവരിക്കുക.
19. ചുട്ടെഴുത്തിനു പിൻവന്നാൽ
മെയ്യേതും ദ്വിത്വമാർന്നിടും - വിശദീകരിക്കുക?
20. റാവു ചില്ലല്ല കാലത്തിൽ
യാവു ചില്ലെന്നുമോർക്കണം;
രാവും ളാവും ചിലേടത്തു
ചില്ലല്ലാത്തതു പോലെയാം _ വിശദീകരിക്കുക?

21. തദ്ധിതം എത്ര വിധം? വിവരിക്കുക
22. പറ്റുവിന എന്നാൽ എന്ത്? വിശദമാക്കുക.

**(5 × 5 = 25 Marks)**

**IV. ഏതെങ്കിലും നാല് ചോദ്യത്തിന് ഉപന്യാസ രൂപത്തിൽ ഉത്തരമെഴുതുക.**

23. മലയാളത്തിലെ പ്രധാനപ്പെട്ട വ്യാകരണ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക?
24. ക്രിയാ വിഭാഗം വിവരിക്കുക?
25. മലയാളത്തിലെ പ്രകാരങ്ങൾ വിശദീകരിക്കുക
26. ഭാഷയിലെ ചിഹ്നങ്ങൾ ഏവ ? പരിചയപ്പെടുത്തുക
27. വിഭക്തിപ്രത്യയങ്ങളുംവിഭക്ത്യാഭാസവും ഉദാഹരണസഹിതം വിശദമാക്കുക ?
28. ഏ .ആറിന്റെ ശബ്ദവിഭജനം പരിചയപ്പെടുത്തുക

**(4 × 10 = 40 Marks)**

*******